A3/75/2022-CLAD

**"ഭരണഭാഷ-മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറിയായി അന്യത്രസേവന വ്യവസ്ഥയിൽ അഞ്ച് വർഷ കാലാവധി പൂർത്തിയാക്കിയ വിവര പൊതുജന സമ്പർക്ക വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.അജോയ്.സി.-യുടെ അന്യത്രസേവന കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു..

---

**സാംസ്കാരികകാര്യ (എ) വകുപ്പ് വകുപ്പ്**

സ.ഉ.(സാധാ) നം.298/2025/CLAD തീയതി,തിരുവനന്തപുരം, 23-05-2025

---

പരാമർശം:-

1. സ.ഉ. (സാധാ) നം.165/2020/സാം.കാ.വ തീയതി 20.03.2020.
2. സ.ഉ. (സാധാ) നം.194/2021/സാം.കാ.വ തീയതി 03.05.2021.
3. സ.ഉ. (സാധാ) നം.345/2022/സാം.കാ.വ തീയതി 31.05.2022.
4. സ.ഉ. (സാധാ) നം.283/2023/സാം.കാ.വ തീയതി 03.06.2023
5. സ.ഉ.(സാധാ) നം.325/2024/സാം.കാ.വ തീയതി 25-06-2024.
6. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയിൽ നിന്നുള്ള 08.05.2025 തീയതിയിലെ കെ.എസ്.സി.എ/എഫ്/1753/2025 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) മുതൽ (5) വരെയുള്ള ഉത്തരവുകൾ പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറിയായി അഞ്ച് വർഷ അന്യത്രസേവന കാലാവധി പൂർത്തിയാക്കിയ വിവര പൊതുജന സമ്പർക്ക വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.അജോയ്.സി -യുടെ അന്യത്രസേവനകാലാവധി 26.04.2025 അപരാഹ്നം പൂർത്തിയായ സാഹചര്യത്തിൽ പ്രസ്തുത വ്യക്തിയെ സെക്രട്ടറിയുടെ ചുമതലകളിൽ നിന്നും വിടുതൽ ചെയ്യുകയും 26.04.2025 അപരാഹ്നത്തിൽ ശ്രീ.അജോയ്.സി. വിവര പൊതുജന സമ്പർക്ക വകുപ്പിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്ത വിവരം കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയിൽ നിന്ന് പരാമർശം (6) പ്രകാരം അറിയിച്ചിരുന്നു.

**2** . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.അജോയ്.സി.-യുടെ അഞ്ച് വർഷ അന്യത്രസേവന കാലാവധി 26.04.2025 തീയതി അപരാഹ്നം അവസാനിച്ച സാഹചര്യത്തിൽ ടിയാന് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറിയായി 27.04.2025 മുതൽ ഒരു വർഷത്തേക്കു കൂടി അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചു നൽകുന്ന കാര്യം പ്രത്യേക കേസായി പരിഗണിച്ച് കെ.എസ്.ആർ ഭാഗം-1-ലെ ചട്ടം 140 (സി) യിലെ ചട്ടങ്ങൾക്കും, 28.11.2013-ലെ സ.ഉ. (അ) നം. 580/2013/ധന ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി 27.04.2025 പൂർവ്വാഹ്നം മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു..

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJANI M

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, തിരുവനന്തപുരം
ശ്രീ.സി.അജോയ്, ഡെപ്യൂട്ടി ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
ധനകാര്യവകുപ്പ് (3142054/EDN-C3/99/2025-FIN dated 17.05.2025)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Renju. A. R
Date: 23-05-2025 12:38:09
സെക്ഷൻ ഓഫീസർ

പകർപ്പ് : 1) ബഹു. സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2) സാംസ്കാരികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.
3) സാംസ്കാരികകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.
4) സാംസ്കാരികകാര്യ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിക്ക്.